പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1514 02/07/2015-ൽ മറുപടിയ്ക്ക്

# സമഗ്ര പച്ചക്കറി വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.ശശി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടത്തുന്നതിനായി കർഷകർക്ക് കൃഷിഭവൻ വഴി എന്തെല്ലാം സേവനങ്ങൾ നൽകുന്നുവെന്ന് വെളിപ്പെടുത്താമോ; | എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകമായ മട്ടുപ്പാവ് കൃഷി വിജയകരമായി നടത്തുന്നതിനായി ചുവടെപ്പറയുന്ന സേവനങ്ങൾ കൃഷി ഭവനുകൾ മുഖേന നല്കി വരുന്നു. മട്ടുപ്പാവ് കൃഷി ചെയ്യുന്നതിനായി 25 ഗ്രോബാഗുകളിൽ മണ്ണ്, ജൈവവളം തുടങ്ങിയവ അടങ്ങിയ പോട്ടിംഗ് മിശ്രിതം നിറച്ച് വിവിധ ഇനം പച്ചക്കറി തൈകൾ നട്ടു പിടിപ്പിച്ച് കർഷകർക്ക് നല്കുന്നു. 2,000/- രൂപ വിലവരുന്ന ഈ ഗ്രോബാഗുകൾ 1500 രൂപ സബ്സിഡി നിരക്കിലാണ് നല്കുന്നത്. ഗുണഭോക്താവ് 500 രൂപ കൃഷിഭവനിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം നല്കിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിച്ച് വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവശ്യമായ വിത്തുകൾ, തൈകൾ, ജൈവ /ജീവാണു വളങ്ങൾ എന്നിവയും കൃഷി ഭവനിൽ നിന്ന് നല്കുന്നുണ്ട്. കർഷകർക്ക് കൃഷി സംബന്ധമായ പരിശീലന പരിപാടികളും ലഘുലേഖകളും നല്കുന്നുണ്ട്. വിഷ വിമുക്തമായ സുരക്ഷിത പച്ചക്കറി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| ബി) | ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഗ്രോബാഗ്, വിത്ത്, പച്ചക്കറി തൈകൾ, ജൈവ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവ കൃഷി ഭവൻ വഴി നൽകുന്നതിന് സംവിധാനം ഉണ്ടോയെന്നു അറിയിക്കുമോ; | ബി) | ഉണ്ട്. |
| സി) | ബി.പി.എൽ., എ.പി.എൽ. ഭേദമെന്യേ ഇത്തരം സേവനങ്ങൾ കർഷകർക്ക് സൗജന്യ/സബ്സിഡി നിരക്കിൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ? | സി) | ബി.പി.എൽ/എ.പി.എൽ ഭേദമന്യേ എല്ലാ കർഷകർക്കും ഈ ആനുകൂല്യങ്ങൾ കൃഷി ഭവനിൽ അപേക്ഷ നല്കി കൈപ്പറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ